SMGHSS

TRUST IN GOD AND DO THE RIGHT

# St. Mary's G.H.S.
# Kanjirapally

# വിദ്യാവേദി



## അക്കാദമിക് മാസ്റ്റർ പ്ലാൻ
## 2025-26

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-2026



# വിദ്യാവേദി

## സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂൾ

## കാഞ്ഞിരപ്പള്ളി

# ഉള്ളടക്കം

1. ആമുഖം

2. ലക്ഷ്യങ്ങൾ

3. വിദ്യാലയം മികവിന്റെ കേന്ദ്രം-കാഴ്ചപ്പാട്

4. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ-ഒറ്റനോട്ടത്തിൽ

5. പദ്ധതി വിശദാംശങ്ങൾ
(മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം)

6. മോണിട്ടറിംഗ്

7. ഉപസംഹാരം

# അടിസ്ഥാന വിവരങ്ങൾ

| | | | |
|---|---|---|---|
| 1. | വിദ്യാലയത്തിന്റെ പേര് | : | സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂൾ<br>കാഞ്ഞിരപ്പള്ളി<br>കാഞ്ഞിരപ്പള്ളി പി.ഒ<br>കാഞ്ഞിരപ്പള്ളി<br>കോട്ടയം ജില്ല 686507 |
| | ഫോൺ | : | 04828 202161 |
| 2. | സ്കൂൾ കോഡ് | : | 32035 |
| 3. | വിദ്യാഭ്യാസ ഉപജില്ല | : | കാഞ്ഞിരപ്പള്ളി |
| 4. | വിദ്യാഭ്യാസ ജില്ല | : | കാഞ്ഞിരപ്പള്ളി |
| 5. | റവന്യൂ ജില്ല | : | കോട്ടയം |
| 6. | ബി.ആർ.സി | : | കാഞ്ഞിരപ്പള്ളി |
| 7. | സി.ആർ.സി | : | കാഞ്ഞിരപ്പള്ളി |
| 8. | ഗ്രാമപഞ്ചായത്ത് | : | കാഞ്ഞിരപ്പള്ളി |
| 9. | ബ്ലോക്ക് പഞ്ചായത്ത് | : | കാഞ്ഞിരപ്പള്ളി |
| 10. | ജില്ലാ പഞ്ചായത്ത് | : | കോട്ടയം |
| 11. | നിയമസഭാ മണ്ഡലം | : | കാഞ്ഞിരപ്പള്ളി |
| 12. | ലോക സഭാമണ്ഡലം | : | കോട്ടയം |
| 13. | താലൂക്ക് | : | കാഞ്ഞിരപ്പള്ളി |
| 14. | വില്ലേജ് | : | കാഞ്ഞിരപ്പള്ളി |
| 15. | ഇ-മെയിൽ | : | stmarysghskply@gmail.com |

# ആമുഖം

ഇടവകയിലെ പെൺകുട്ടികളുടെ മതവിശ്വാസത്തിനും, സന്മാർഗ്ഗ ബോധത്തിനും പര്യാപ്തമാകത്തക്കവണ്ണം ഒരു ഇംഗ്ലീഷ് പെൺ പള്ളിക്കൂടം സ്ഥാപിക്കണമെന്ന മെത്രാന്റെ കൽപനയും താൽപര്യവുമനുസരിച്ച് 1930ൽ സെന്റ് മേരീസ് ഗേൾസ് സ്കൂൾ എന്ന പേരിൽ ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ സ്ഥാപിതമായി. പള്ളി പരിസരത്ത് സ്ഥാപിതമായ സ്കൂൾ ഇന്നു കാണുന്ന സ്ഥലത്തേക്ക് കാലോചിത സംവിധാനങ്ങളോടെ പറിച്ചു നട്ടു. സ്കൂളിന്റെ ആദ്യത്തെ ഹെഡ്മിസ്ട്രസ് വള്ളാട്ട് മിസ്സ് അന്നമ്മ സഖറിയ ബി.എ. ആയിരുന്നു രണ്ടു വർഷത്തിനു ശേഷം സ്കൂളിന്റെ ഭരണ ചക്രം കാഞ്ഞിരപ്പള്ളിയുടെ വീരപുത്രിയായ കരിപ്പാപ്പറമ്പിൽ മിസ്സ്. അക്കാമ്മ ചെറിയാന്റെ കൈകളിൽ വന്നു ചേർന്നു. അതോടെ നമ്മുടെ കനകലതയ്ക്ക് ഒരു നവജീവനും ഓജസ്സും സംജാതമായി. അക്കാമ്മയുടെ സഹജമായ ഊർജ്ജസ്വലതയ്ക്കും കർമ്മചാതുരിയും ചിട്ടയും ക്രമവും സ്കൂളിന്റെ നാനാവിധമായ അഭിവൃദ്ധിയിൽ തെളിഞ്ഞു കാണാമായിരുന്നു. എന്നാൽ ഈ സുവർണ്ണകാലം ദീർഘനാൾ അനുഭവിക്കുന്നതിനുള്ള ഭാഗ്യം കഞ്ഞിരപ്പള്ളിക്കില്ലാതെ പോയി. 4 വർഷത്തിനു ശേഷം സ്വരാജ്യത്തിനോടുള്ള സ്നേഹത്തിനും കടപ്പാടിനും മുൻതൂക്കം നൽകിക്കൊണ്ട് അക്കാമ്മ രാഷ്ട്രീയരംഗത്തു പ്രവർത്തിക്കുവാൻ സ്കൂളിനോട് വിടവാങ്ങി. പ്രഥമാധ്യാപികാസ്ഥാനം അല്പകാലത്തേക്ക് കാഞ്ഞിരപ്പള്ളിയുടെ തന്നെ മറ്റൊരു പുത്രിയായ ശ്രീമതി എം.സി. മേരി എം.എ. (വട്ടക്കുഴി)യിലും തുടർന്ന് 8 വർഷത്തോട് മിസ്സ് മാർഗരറ്റ് ജോസഫ്(ബി.എ, ബി.റ്റി) ലുമാണ് നിഷിപ്തമായത്.

അക്കാമ്മയുടെ സേവനം കൂടുതൽ വിപുലമായ രാഷ്ട്രീയ രംഗത്തേയക്ക് മാറിയെങ്കിലും സ്കൂളിന്റെ ക്ഷേമാവൃദ്ധിയിൽ എന്നും ദത്തശ്രദ്ധയായിരുന്നു. അതിന്റെ സാക്ഷ്യമാണ്, അക്കാമ്മ എം.എൽ.എ ആയിരുന്ന ഘട്ടത്തിൽ 1948- ൽ സെന്റ് മേരീസിനെ ഹൈസ്കൂളായി ഉയർത്തുവാനുള്ള അനുവാദം ഗവൺമെന്റിൽ നിന്ന് സമ്പാദിച്ചത്. വളരെ അസാധ്യമെന്ന് കരുതിയിരുന്ന പ്രസ്തുത അനുവാദം ലഭിച്ചത് സ്കൂൾ തുറന്ന് രണ്ടു മാസത്തിനു ശേഷമാണ്. ബഹു.സി. കാർമൽ സി.എം.സി. പ്രഥമാദ്ധ്യാപികയായി നിയമിതയായി.

1951ൽ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ ആദ്യബാച്ച് വിദ്യാർത്ഥികൾ 91.% വിജയം കൈവരിച്ചു. തുടർന്നുള്ള കാലങ്ങളിൽ വിജയശതമാനത്തിൽ കുറവുവരാതെ വിദ്യാഭ്യാസജില്ലയിലും കോർപ്പറേറ്റ് മാനേജ്മെന്റിലും പ്രഥമസ്ഥാനം കൈവരിച്ച് പല പ്രാവശ്യം അവയ്ക്കുള്ള സമ്മാനങ്ങൾ നേടുകയുണ്ടായി. കാലാകാലങ്ങളിൽ ഡിപ്പാർട്ട്മെന്റ് നടത്തിയിട്ടുള്ള മിന്നൽ പരിശോധനകളും ഈ സ്ഥാപനത്തെ കനകാഭിഷേകം ചെയ്യുവാൻ ഉപകരിച്ചിട്ടുണ്ട്. സംസ്ഥാന കലോത്സവത്തിൽ കലാതിലക പട്ടം നേടിയവർ, സിവിൽ സർവ്വീസിൽ തിളക്കമാർന്ന പദവിയിൽ വിരാജിക്കുന്നവർ, വ്യത്യസ്ത മണ്ഡലങ്ങളിൽ പ്രശസ്തരായ നിരവധി വ്യക്തിത്വങ്ങൾ ഈ സരസ്വതി ക്ഷേത്രത്തിന്റെ പടിയിറങ്ങിയവരാണ്. അങ്ങനെ കാഞ്ഞിരപ്പള്ളി നട്ടു വളർത്തിയ ഈ കനകലത ആദ്ധ്യാത്മികവും സാംസ്കാരികവും കായികവും കലാപരവുമായ ഉത്കൃഷ്ട ലക്ഷ്യങ്ങൾ 100% സാക്ഷാത്കരിച്ചുകൊണ്ട് വിരാജിക്കുന്നു.

കേവലം പരീക്ഷാവിജയം കൊണ്ടുമാത്രം കാഞ്ഞിരപ്പള്ളിയുടെ കുസുമവല്ലി തൃപ്തിയടഞ്ഞില്ല.അതിന്റെ നിറവും ഗുണവും മണവും എല്ലാഭാഗത്തും വീശിതുടങ്ങി. കായിക രംഗങ്ങളിൽ ആർജിച്ചിരുന്ന വിജയം സെന്റ് മേരീസിന്റെ നാമത്തെ ഭാരതമൊട്ടാകെ വിളിച്ചറിയിച്ചു. കായികരംഗത്ത് പരിശീലനം നൽകിയത് നാഷണൽ അവാർഡിന് അർഹയായ ശ്രീമതി കെ.സി ത്രേസ്യാമ്മയാണ്. നമ്മുടെ ഓമന പുത്രികൾക്ക് അതിനുള്ള പ്രോത്സാഹനം നൽകിയതും പ്രശസ്തി ആർജിച്ച ഡസൻ കണക്കിന് കായിക താരങ്ങളെ വളർത്തി എടുത്തതും. അവർ ഷില്ലോംഗ്, ന്യൂഡൽഹി, ഒറീസ്സ, ബോംബെ എന്നീ സ്ഥലങ്ങളിൽ പോയി ദേശീയ നിലവാരത്തിലെ പ്രശസ്തി ആർജ്ജിക്കുക മാത്രമല്ല, സിലോണിൽ വച്ച് നടത്തിയ കായിക മേളയിൽ രാജ്യാന്തര പ്രശസ്തിയിലേക്ക് ഉയരുക കൂടി ചെയ്തു. മികച്ച കായിക താരങ്ങൾക്കുള്ള സ്കോളർഷിപ്പ് അവർ കരസ്ഥമാക്കിയതും ഇവിടെ സ്മർത്തവ്യമാണ്.

# പ്രശ്നങ്ങൾ, പരിമിതികൾ

കളിസ്ഥലത്തിന്റെ അപര്യാപ്തത

അത്‌ലറ്റിക്സിനും ഗെയിംസിനും ആവശ്യമായ ഉപകരണങ്ങളുടെ കുറവ്

ഭിന്നശേഷികുട്ടികൾക്കുള്ള പ്രത്യേകം പരിഗണിച്ചുകൊണ്ട് അവർക്കനുയോജ്യമായ കളിഉപകരണങ്ങളുടെ അഭാവം

ഭിന്നശേഷിക്കാർക്ക് പ്രത്യേക വിശ്രമമുറിയും അറ്റാച്ച്ഡ് ബാത്റൂമിന്റെയും കുറവ്

കുട്ടികൾക്ക് പൊതുവായി ഒരു വിശ്രമമുറിയുടെ അഭാവം.

റിസോഴ്സ് റൂമിന്റെ അഭാവം, റിസോഴ്സ് ടീച്ചറിന്റെ സേവനം കൂടുതൽ ലഭ്യമാകണം

സയൻസ് ലാബിന്റെ സൗകര്യം കൂടുതൽ മെച്ചപ്പെടുത്തണം

പഠനഭാഗമായി വരുന്ന ഉത്പന്നങ്ങൾ പ്രദർശിപ്പിക്കാനും അവ സൂക്ഷിക്കാനുമുള്ള ഇടമൊരുക്കണം.

## പൊതുലക്ഷ്യങ്ങൾ

1. മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ മൂന്നുഭാഷകളിൽ മികച്ച ആശയ വിനിമയ ശേഷി കൈവരിക്കുക.
2. എഴുത്തിലും വായനയിലുമുള്ള പിന്നോക്കാവസ്ഥ പരിഹരിക്കുക മൂന്നുഭാഷ കളിലുള്ള ജ്ഞാനം നേടുക, ഭാഷാപരമായ സർഗ്ഗാത്മകത വളർത്തുക.
3. പഠനവിഷയങ്ങളിൽ ആശയദൃഢത ഉണ്ടാക്കുക കണക്ക്, സയൻസ്, സാമൂഹ്യ ശാസ്ത്രം, ഐ. റ്റി. വിഷയങ്ങളിൽ ധാരണയും കഴിവും നേടുക.
4. സാമൂഹ്യരംഗത്തെ ധാരണ പരിസ്ഥിതി ജ്ഞാനം തുടങ്ങിയവ കൈവരിക്കുക പ്രാദേശീക ചരിത്രരചന, പുരാവസ്തുശേഖര പ്രദർശനം തുടങ്ങിയ കർമ്മപരി പാടികൾ ആവിഷ്കരിക്കുക.
5. കുട്ടിയുടെ സമഗ്രവികസനം ലക്ഷ്യമാക്കുക വഴി യഥാർത്ഥ വിദ്യാഭ്യാസ ലക്ഷ്യം കൈവരിക്കുക. കുട്ടിയുടെ കഴിവ് കേവലം വിഷയപഠനത്തിൽ ഒതുക്കാതെ സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുക. ആർട്സ്, സ്പോർട്സ് ക്ലബു കളുടെ പ്രവർത്തനം സജീവമാക്കുക.
6. പഠനനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ വിദ്യാ ലയത്തിൽ ഒരുക്കുക. അന്താരാഷ്ട്ര നിലവാരമുള്ള ഒരു വിദ്യാഭ്യാസ മികവി ലേക്ക് വിദ്യാലയത്തെ ഉയർത്തുക.
7. കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക ജൈവവൈ വിധ്യപാർക്ക്, പച്ചക്കറിതോട്ടം, ഔഷധ സസ്യതോട്ടം, പൂന്തോട്ടം എന്നിവ നിർമ്മിച്ച് പരിപാലിക്കുക.
8. മാലിന്യ നിർമാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തി എടുക്കുക. ശുചിത്വ ബോധം വളർത്തിയെടുക്കുക.
9. മദ്യപാനം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം പുതിയ തലമുറയിൽ നിന്ന് ഒഴിവാക്കാനായുള്ള ഇടപെടലുകൾ നടത്തുക. ലഹരിവിരുദ്ധ ക്ലബുകളുടെ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തുക.
10. പ്ലാസ്റ്റിക് മുക്ത, കീടനാശിനി മുക്ത, ലഹരി വിമുക്ത കാസസുകൾ സൃഷ്ടി ക്കുക കാസസ് ഒരു പാഠപുസ്തകം എന്ന നിലയിലേക്ക് ഉയർത്തുക.
11. പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെ ത്തിക്കുക.

12. വിദ്യാഭ്യാസത്തിന്റെ ജനാധിപത്യവൽക്കരണം അർത്ഥപൂർണ്ണമാക്കുന്ന പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കും. ഗൈഡ്സ്, എസ്.പി.സി, വിവിധ ക്ലബുകൾ എന്നിവയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് സ്കൂൾ പാർലമെന്റിനെ ചുമത ലപ്പെടുത്തുക.

13. പെൺകുട്ടികളുടെ പദവിയും അവസരതുല്യതയും സംബന്ധിച്ച കാഴ്ചപ്പാട് സൃഷ്ടിക്കുന്നു.

14. എല്ലാ പെൺകുട്ടികൾക്കും, ആത്മവിശ്വാസവും, പ്രതികരണശേഷിയും അറിവിന്റെ കരുത്തും, വിമർശനാവബോധവും, വിശകലനശേഷിയും ഉറപ്പുവരുത്തുക.

15. കുട്ടികളുടെ മാനസിക സംഘർഷവും പിരിമുറുക്കവും തരണം ചെയ്യാനാവശ്യമായ കൗൺസിലിംഗ് സൗകര്യം ലഭ്യമാക്കും.

16. പി.റ്റി.എ. പൂർവ്വ വിദ്യാർത്ഥിനി സംഘടന, ജനകീയ സംവിധാനങ്ങൾ എന്നിവയുടെ സഹായത്തോടെ സ്കൂൾ വികസനം സാധ്യമാക്കും.

17. വായനാ സംസ്കാരം പ്രോത്സാഹിപ്പിക്കുന്നതിനായി ക്ലാസ് ലൈബ്രറികൾ കൂടുതൽ മെച്ചപ്പെടുത്തും.

18. കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തും. ജങ്ക് ഫുഡ്, ഫാസ്റ്റ് ഫുഡ് ഇവയുടെ ദോഷവശങ്ങളെ കുറിച്ച് കുട്ടികൾക്കും മാതാപിതാക്കൾക്കും അവബോധം നൽകും. വ്യായാമത്തിനും കളികൾക്കും പ്രത്യേക പരിഗണന നൽകും.

19) ഇംഗ്ലീഷ്, മലയാളം, ഹിന്ദി ഭാഷാ പഠനത്തിൽ സവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിലെത്തിക്കുക.

20) കരിക്കുലം ലഭ്യമാക്കുന്ന ഭാഷാപഠനനേട്ടങ്ങൾ എല്ലാ കുട്ടികളും ആർജ്ജിക്കുക.

21) ഇംഗ്ലീഷ് ഭാഷാപഠനത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതികൾ ഉള്ള കുട്ടികളെ അത് മറികടക്കുവാൻ പിന്തുണ നല്കുക.

22) ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും ഭാഷകൾ സംസാരിക്കാനും കേട്ട് മനസ്സിലാക്കുവാനുമുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക.

23) മികച്ച വായനാശീലം വളർത്തിയെടുക്കുക.

24) ആശയങ്ങൾ എഴുതി പ്രകടിപ്പിക്കാനുള്ള കഴിവ് ആർജ്ജിക്കുക.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • ഭാഷാശേഷി വികസനം (മലയാളം,ഇംഗ്ലീഷ്,ഹിന്ദി) | • കളിസ്ഥലം | •പി.റ്റി.എ ശക്തിപ്പെടുത്തൽ |
| • ഗണിതശേഷി വികസനം | • ചിൽഡ്രൻസ് പാർക്ക് | •എസ്.എം.സി |
| • ഇംഗ്ലീഷ് പഠന പരിപോഷണം | • ക്ലാസ്സ് മുറികൾ | •എസ്.എം.ഡി.സി |
| • ശാസ്ത്രപോഷണ പരിപാടി | • ഓഫീസ് മുറി | •കാര്യക്ഷമമാക്കൽ |
| • ലൈബ്രറി ശാക്തീകരണം, (ക്ലാസ് റൂം, ലൈബ്രറി ) | • വിശ്രമമുറി | •വിദ്യാലയ വികസനസമിതി |
| • ലബോറട്ടറി ആധുനുകത്കരിക്കൽ | • മൾട്ടിമീഡിയ റൂം | •പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം |
| • പ്രതിഭാപോഷണ പരിപാടി | • അടുക്കള | •എസ്.എസ്.ജി ബന്ധം |
| • നാടകക്കളരി | • ഡൈനിംഗ് ഹാൾ | •ഗ്രന്ഥശാലകൾ, ക്ലബുകൾ സന്നദ്ധസംഘടനകൾ, |
| • ജൈവവൈവിധ്യപാർക്ക് | • അസംബ്ലി ഹാൾ | •വിദ്യാഭ്യാസ പ്രവർത്തകർ, |
| • സാഹിത്യ പോഷണ പരിപാടികൾ | • കുടിവെള്ള വിതരണം | •പൂർവ്വാധ്യാപകർ |
| • പഠനയാത്രകൾ | • മാലിന്യ സംസ്കരണം | •സഹകരണസ്ഥാപനങ്ങൾ |
| • സെമിനാറുകൾ | • ലബോറട്ടറി | •വ്യവസായഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ |
| • കലാ-കായിക മേള | • ജന്മദിനത്തിനൊരു പുസ്തകം | •ക്ലാസ്സ് പി.റ്റി.എ മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ. |
| • ഐ.റ്റി. പരിശീലനം | • ചിത്രരചന | •വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ. |
| • അദ്ധ്യാപക ശാക്തീകരണ പരിപാടികൾ | • വീട്ടിലൊരു കൃഷിത്തോട്ടം | •വിദ്യാലയ വിവങ്ങൾ പൊതുസമൂഹത്തിനുകൂടി പ്രയോജനപ്പെടുത്തൽ |
| • ക്ലാസ്സ് പി.റ്റി.എ സജീവമാക്കൽ | • എനിക്കും പറയാനുണ്ട്. | •റിസോഴ്സ് മാപ്പിംഗ് |
| • സ്കൂൾ പത്രം/ മാസിക | • ഭാഷോത്സവം | •പഠനക്കൂട്ടം |
| • പൃവൃത്തി പരിചയപഠനം | • ഗണിതോത്സവം | •പ്രാദേശിക പി.റ്റി.എ |
| • ഒന്നാം ക്ലാസ്സ് ഒന്നാംതരം | • മെട്രിക് മേള | •ഭവന സന്ദർശനം |
| • എസ്ആർജി ശാക്തീകരണം | | |
| • പച്ചക്കറി തോട്ടം | | |
| •രചനാ ശിൽപ്പശാല | | |
| • അഭിമുഖങ്ങൾ | | |
| •മെഡിക്കൽ ക്യാമ്പ് | | |
| •പോഷകാഹാര പരിപാടി | | |
| •നാടക പരിശീലനം ശിൽപശാല | | |
| •ഒറിഗാമി ശിൽപ്പശാല | | |
| •ഗണിതലാബ്, ഗണിതാന്തരീക്ഷമൊരുക്കൽ | | |
| •ഭാഷാ ലാബ് | | |
| •ബ്ലോഗ് | | |
| •ടേം മൂല്യ നിർണ്ണയം,നിരന്തര വിലയിരുത്തൽ | | |
| •ദിനാചരണം | | |
| •കായിക പഠനം | | |
| •ഗവേഷണാത്മകമായ പ്രവർത്തനങ്ങൾ | | |
| •റേഡിയോ കാഞ്ഞിരപ്പള്ളി | | |
| •കാഞ്ഞിരപ്പള്ളി വിഷൻ | | |
| •സെന്റ് മേരീസ് വിഷൻ | | |
| •ചരിത്രപ്രദർശനം (ഹിസ്റ്റേ) | | |
| •മെഗാ ക്യാൻവാസ് (സോഷ്യോ) | | |
| •കരകൗശല വസ്തു നിർമാണം | | |
| •പരിശിലനം, പ്രദർശനം | | |